(ബി) ഉണ്ടെങ്കിൽ ആയത് എന്നത്തേക്ക് നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ ;

(സി) ഇല്ലെങ്കിൽ ആയത് അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) 21-5-2014-ൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പേപ്പാറ ഡാമിന്റെ ജലനിരപ്പ് 3 മീറ്റർ കൂടി വർദ്ധിപ്പിക്കുന്നത് തത്വത്തിൽ അംഗീകരിക്കുകയും ആയതിലേക്കുള്ള അനന്തര നടപടി സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

ശിവപുരം-തില്ലങ്കേരി ശുദ്ധജല വിതരണ പദ്ധതി

134 (8194) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ശിവപുരം-തില്ലങ്കേരി ശുദ്ധജല വിതരണ പദ്ധതിക്ക് നബാർഡ് ധനസഹായം ലഭിക്കുന്നതിനുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് സഹിതമുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) ഇതിന്മേൽ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ചുള്ള പദ്ധതികളാണ് 2013-14 സാമ്പത്തിക വർഷം നബാർഡിന്റെ ധനസഹായത്തിനായി വാട്ടർ അതോറിറ്റി സർക്കാരിലേക്ക് സമർപ്പിച്ചത്. 2013-14-ൽ നബാർഡിന്റെ സെക്കൂർ അലോക്കേഷൻ പരിമിതപ്പെടുത്തിയതുകൊണ്ട് മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ശിവപുരം-തില്ലങ്കേരി ശുദ്ധജല വിതരണ പദ്ധതി ഉൾപ്പെടുത്താൻ സാധിച്ചില്ല.

നബാർഡിന്റെ 2014-15-ലെ സെക്കൂർ അലോക്കേഷന് വിധേയമായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നബാർഡിന്റെ ധനസഹായത്തിനു സമർപ്പിക്കുന്നതാണ്.

കോങ്ങാട് മണ്ഡലത്തിലെ കുടിവെള്ള വിതരണം

135 (8195) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കോങ്ങാട് മണ്ഡലത്തിൽ കുടിവെള്ള വിതരണത്തിനായി എത്ര ഡി.പി.ആർ. വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട് ; വിശദവിവരങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly